# പതിന്നാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3779 — 20.10.2016 -ൽ മറുപടിക്ക്

## കാസർഗോഡ് മണ്ഡലത്തിലെ ഗ്രൂപ്പ് വില്ലേജാഫീസുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി) |
| (എ) കാസർഗോഡ് മണ്ഡലത്തിൽ കാസർഗോഡ് താലൂക്ക് പരിധിയിൽ എത്ര ഗ്രൂപ്പ് വില്ലേജാഫീസുകൾ ഉണ്ട്; അവയുടെ പേരു വിവരങ്ങൾ വ്യക്തമാക്കാമോ; | (എ) കാസർഗോഡ് മണ്ഡലത്തിലെ കാസർഗോഡ് താലൂക്ക് പരിധിയിൽ 8 ഗ്രൂപ്പ് വില്ലേജുകൾ ഉണ്ട്. അവ ചുവടെ പരാമർശിക്കുന്നു.<br>1. ആദ്ദൂർ - ആദ്ദൂർ, കാറഡുക്ക<br>2. ചെങ്കള - ചെങ്കള, മുട്ടത്തോടി<br>3. കാസർഗോഡ് - കാസർഗോഡ്, അഡുക്കത്ത് വയൽ<br>4. കുഡ് ലു - കുഡ് ലു, പുത്തൂർ, ഷിരിബാഗിലു<br>5. കമ്പടാജെ - കമ്പടാജെ, ഉബ്രംഗള<br>6. മധൂർ - മധൂർ, പട്ട്ള<br>7. നെട്ടണിഗെ - നെട്ടണിഗെ, ബെള്ളൂർ<br>8. പാടി - പാടി, നെക്രജെ |
| (ബി) ഗ്രൂപ്പ് വില്ലേജുകളിലെ ഉദ്യോഗസ്ഥൻമാർക്ക കടുത്ത ജോലിഭാരം അനുഭവപ്പെടുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട് |
| (സി) ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കാത്തത് കാരണം സർട്ടിഫിക്കറ്റുകളും മറ്റും അനുവദിക്കുന്നതിനു കാലതാമസം വരുന്നത് ഗൗരവമായി എടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കാത്തത് കാരണം ജോലിഭാരം കൂടുന്നുണ്ടെങ്കിലും, സമയത്ത് സേവനങ്ങൾ നൽകുന്നുണ്ട്. |
| (ഡി) കാസർഗോഡ് താലൂക്കിലെ ഗ്രൂപ്പ് വില്ലേജാഫീസുകൾ വിഭജിക്കുന്നതിനു നടപടി സ്വീകരിക്കുമോ? | (ഡി) കാസർഗോഡ് താലൂക്കിലെതുൾപ്പെടെ സംസ്ഥാനത്തെ ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. സംസ്ഥാന ത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിലെ ബുദ്ധിമുട്ട് മൂലം റവന്യൂ വകുപ്പിൽ ഒരു Manpower Assessment നടത്തി പുനർവിന്യാസ സാധ്യത പരിശോധിച്ച് റിപ്പോർട്ട് ലഭ്യ മാക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയി ട്ടുണ്ട്. |

സെക്ഷൻ ഓഫീസർ